**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1451** **14-03-2022 - ൽ മറുപടിയ്ക്ക്**

**വീട് നഷ്ടപ്പെട്ട വിധവയ്ക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പ്രകൃതിക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ട വിധവയ്ക്ക് നഷ്ടപരിഹാരം നൽകുന്നതിന് കൈക്കൂലി ചോദിച്ചു എന്ന പരാതിയിന്മേൽ കാട്ടാക്കട താലൂക്കിലെ ഡെപ്യൂട്ടി തഹസിൽദാർ പരാതിക്കാരിക്ക് നഷ്ടപരിഹാരം നൽകണമെന്ന് ലോകായുക്ത വിധി പുറപ്പെടുവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതുമായി ബന്ധപ്പെട്ട് പ്രസ്തുത ഉദ്യോഗസ്ഥനെതിരെ വകുപ്പ് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഡെപ്യൂട്ടി തഹസിൽദാർ പരാതിക്കാരിക്ക് നഷ്ടപരിഹാരം നൽകണമെന്ന വിധി ശ്രദ്ധയിൽ പെട്ടിട്ടില്ല . ശ്രീമതി ഓമന D /o ജാനകിയമ്മ, പുതുക്കുളങ്ങര ബഹു ലോകായുക്തയിൽ ഫയൽ ചെയ്തിട്ടുള്ള 1206 /2017 A നമ്പർ കേസിൽ ബഹു ലോകായുക്ത 25.02.2022 ൽ നൽകിയ റിപ്പോർട്ടിൽ പരാതിക്കാരിയുടെ വീടിന് 2014 ലെ പ്രളയത്തിൽ ഉണ്ടായ നാശനഷ്ടത്തിനു സംസ്ഥാന ദുരന്തപ്രതികരണ നിധി മാനദണ്ഡപ്രകാരമുള്ള ആശ്വാസ ധനസഹായം നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകുന്നതിന് ദുരന്ത നിവാരണ വകുപ്പിൽ നിന്നും നടപടി സ്വീകരിച്ചു വരുന്നു . ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (ബി) | കോടതി വിധി പ്രകാരം ലഭിച്ച ഭൂമിയിൽ പോക്കുവരവ് ചെയ്ത് നൽകുന്നതുമായി ബന്ധപ്പെട്ട് കാട്ടാക്കട താലൂക്ക് ഓഫീസിൽ 2019 മുതൽ നില നിൽക്കുന്ന ജി1-8624/2019 എന്ന ഫയലിൽ നടപടി സ്വീകരിക്കാൻ എന്ത് തടസ്സമാണ് നേരിടുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | നെയ്യാറ്റിൻകര മുൻസിഫ് കോടതിയിൽ ഒ.എസ്.544/2020 നമ്പരായും ബഹു.ലോകായുക്ത മുമ്പാകെ 14/2022 നമ്പരായും കേസ് നിലനിൽക്കുന്നതിനാൽ ജി1-8624/2019 നമ്പർ ഫയലിൽ പോക്കുവരവ് നടപടികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.ടി കേസിന്മേലുള്ള അന്തിമ വിധിക്കനുസരിച്ച് പോക്കുവരവ് നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതാണ്. |
| (സി) | മൂന്ന് വർഷം പിന്നിട്ടിട്ടും പ്രസ്തുത ഫയലിൽ നടപടി ഉണ്ടാകാത്തതിന്റെ കാരണം വിശദമാക്കുമോ? | (സി) | നെയ്യാറ്റിൻകര മുൻസിഫ് കോടതിയിൽ ഒ.എസ്.544/2020 നമ്പരായും ബഹു.ലോകായുക്ത മുമ്പാകെ 14/2022 നമ്പരായും കേസ് നിലനിൽക്കുന്നതിനാൽ ജി1-8624/2019 നമ്പർ ഫയലിൽ പോക്കുവരവ് നടപടികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.ടി കേസിന്മേലുള്ള അന്തിമ വിധിക്കനുസരിച്ച് പോക്കുവരവ് നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ